ഡാമുകൾ

1332 [2144] ശ്രീ. സി. എം. സുന്ദരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏതെല്ലാം ഡാമുകളിൽ മൽസ്യം വളർത്തുന്നു;

(ബി) ഓരോ ഡാമിലുമുള്ള മൽസ്യം പൊതുജനങ്ങൾക്ക് വിൽക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ എവിടെയെല്ലാം വിൽപ്പന നടത്തുന്നു;

(ഡി) മൽസ്യം വളർത്താൻ ഓരോ ഡാമിലും എന്ത് ചിലവു വരുന്നു;

(ഇ) എന്ത് വരവുണ്ട്;

(എഫ്) ഓരോ ഡാമിലും തൊഴിലെടുക്കുന്ന മൽസ്യത്തൊഴിലാളികൾ എത്രപേരുണ്ട്;

(ജി) ഇവർക്ക് എന്തെല്ലാം ആനുകൂല്യം നൽകുന്നുണ്ട്?

ഉത്തരം

(എ) മലമ്പുഴ, മംഗലം, വാളയാർ, പോത്തുണ്ടി, മീൻകര, ചുള്ളിയാർ, വാഴാനി, പീച്ചി, നെയ്യാർ എന്നീ ഒൻപത് ജലസംഭരണികളിൽ മൽസ്യം വളർത്തുന്നു.

(ബി) ഉണ്ട്.

(സി) ജലസംഭരണികളിൽനിന്നും പിടിച്ചുകൊണ്ടുവരുന്ന മൽസ്യം ഫിഷറീസ് ഓഫീസിനു സമീപംവച്ച് വിൽപ്പന നടത്തുന്നു. അധികം വരുന്ന മൽസ്യം അടുത്ത കമ്പോളത്തിൽ കൊണ്ടുപോയി വിൽക്കുന്നുമുണ്ട്.

(ഡി) മലമ്പുഴ, മംഗലം, വാളയാർ, പോത്തുണ്ടി, മീൻകര, ചുള്ളിയാർ, എന്നീ ജലസംഭരണികളിലേക്ക് 1978 ഏപ്രിൽ മുതൽ 1979 ജനുവരിവരെ 2,52,284.81 രൂപ ചെലവുണ്ടായി. വാഴാനിയിലേക്ക് 31,701 രൂപയും പീച്ചിയിലേക്ക് 31,184.50 രൂപയും നെയ്യാർ റിസർവോയറിലേക്ക് 30,790.11 രൂപയും ചെലവുണ്ടായി.

(ഇ) പാലക്കാട് ഡിസ്ട്രിക്ടിൽപെട്ട റിസർവോയറുകളിൽനിന്നും മൊത്തം 1,32,853.58 രൂപയും തൃശൂർ ഡിസ്ട്രിക്ടിൽപ്പെട്ട വാഴാനിയിൽനിന്നും 9,621.70 രൂപയും തിരുവനന്തപുരം ഡിസ്ട്രിക്ടിൽപെട്ട നെയ്യാർ റിസർവോയറിൽനിന്നും 133.20 രൂപയും വരവുണ്ടായി.

(എഫ്) ഫിഷറീസ് വകുപ്പ് ജീവനക്കാരൊഴികെ വേറെ മൽസ്യത്തൊഴിലാളികൾ ഇല്ല.

(ജി) ചോദ്യം ഉദിക്കുന്നില്ല.

ഡെന്റൽ കോളേജിലെ പോസ്റ്റ് ഗ്രാഡുവേറ്റ് കോഴ്സ്

1333 [2150] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡെന്റൽ കോളേജിൽ ഏതെല്ലാം വിഷയങ്ങൾക്ക് പോസ്റ്റ് ഗ്രാഡുവേറ്റ് കോഴ്സ് നടത്തുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly